## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 415 — 25/06/2019-ൽ മറുപടിയ്ക്ക്

# സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ.എ. പ്രദീപ്കുമാർ**<br>**ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.യു. ആർ. പ്രദീപ്** | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാഠ്യേതര വിഷയങ്ങളിൽ കുട്ടികളെ പ്രാപ്ത രാക്കുന്നതിനായി സ്കൂളുകളിലെ ലൈബ്രറികളുടെ പ്രവർത്തന ങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാ മാണ്; | (എ) | സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 'സ്കൂൾ ലൈബ്രറി/ക്ലാസ്സ്റൂം ലൈബ്രറി' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ ലൈബ്രറികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും, ക്ലാസ്സ്റൂം ലൈബ്രറികൾ സജ്ജീകരിക്കുവാനും പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ക്ലാസ്സ് മുറികളിൽ പുസ്തകങ്ങളും, മറ്റ് പഠന വിഭവങ്ങളും സൂക്ഷിച്ചുവയ്ക്കാനുള്ള ഭൗതിക സാഹചര്യം ഒരുക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി പ്രകാരം 1918 സർക്കാർ സ്കൂളുകളിൽ ലൈബ്രറി പുസ്തകങ്ങൾ നൽകിയി ട്ടുണ്ട്. |
| (ബി) | ഹൈസ്കൂൾ-ഹയർസെക്കന്ററി ഏകീകരണം നടപ്പാക്കുന്നതോടെ സ്കൂൾ ലൈബ്രറികളുടെ പ്രവർത്ത നങ്ങളിൽ ഉചിതമായ വിപുലീകര ണത്തിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം നിലവിൽ കാര്യക്ഷമമായി നടക്കു ന്നുണ്ട്. |
| (സി) | സ്കൂൾ ലൈബ്രറികൾ ആകർഷക മാക്കുന്നതിന് ലൈബ്രറികളെ ഇ-ലൈബ്രറി സംവിധാനത്തി ലേക്ക് ക്രമാനുഗതമായി എത്തി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | കൂടുതൽ പഠനം ആവശ്യമുള്ള മേഖല യാണിത്. |

| | |
|---|---|
| (ഡി) ലൈബ്രറികളുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവർ ഉൾക്കൊള്ളുന്ന ലൈബ്രറി ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) പരിശോധിക്കാവുന്നതാണ്. |

Reena

സെക്ഷൻ ഓഫീസർ